പത്രക്കുറിപ്പ്
11.09.2016

സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ

## സ്ത്രീകളുടെ സമഗ്ര മുന്നേറ്റം ലക്ഷ്യമിട്ട് കുടുംബശ്രീയുടെ സ്റ്റേറ്റ് റിസോഴ്സ് സെന്റർ ഫോർ വുമൺ പ്രവർത്തനം തുടങ്ങുന്നു

തിരുവനന്തപുരം: സ്ത്രീകളുടെ കഴിവുകൾ വർധിപ്പിക്കുന്നതിനും പ്രാദേശിക വികസന പ്രക്രിയയിലും ഭരണനിർവഹണത്തിലും പ്രാതിനിധ്യം ഉറപ്പിക്കുന്നതിനും പിന്തുണ നൽകുന്നതിനുമായി കുടുംബശ്രീ സ്റ്റേറ്റ് റിസോഴ്സ് സെന്റർ ഫോർ വുമൺ പ്രവർത്തനം ആരംഭിക്കുന്നു. മെഡിക്കൽ കോളേജ് ട്രിഡ ബിൽഡിങ്ങിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ സംസ്ഥാനമിഷൻ ഓഫീസിന്റെ രണ്ടാം നിലയിലാണ് സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ പ്രവർത്തനം. സാമൂഹ്യ നിതി വകുപ്പിന്റെ സഹകരണത്തോടെയാണ് പ്രവർത്തനങ്ങൾ.
സ്ത്രീകളുടെ സാമൂഹ്യവും ബൗദ്ധികവുമായ വികാസവും വികസനപദ്ധതികളുടെ ആസൂത്രണത്തിൽ സജീവ പങ്കാളിത്തം വഹിക്കുന്നതിനായി അവരെ പ്രാപ്തരാക്കുക എന്നതുമാണ് പ്രധാനമായും സ്റ്റേറ്റ് റിസോഴ്സ് സെന്റർ വഴി ലക്ഷ്യമിടുന്ന പ്രവർത്തനങ്ങൾ. കേന്ദ്ര വനിതാശിശുക്ഷേമ മന്ത്രാലയത്തിനു കീഴിലുള്ള നാഷണൽ മിഷൻ ഫോർ എംപവർമെന്റ് ഓഫ് വുമൺ ആണ് പദ്ധതി പ്രവർത്തനങ്ങൾക്കാവശ്യമായ സാമ്പത്തിക സഹായം നൽകുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്ത്രീകളുടെ ഉന്നമനത്തിനായി പദ്ധതികൾ രൂപീകരിക്കുന്നതിനാവശ്യമായ സഹായം നൽകുക സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള പഠന സഹായികൾ രൂപീകരിക്കുക ജെൻഡർ അവബോധന പരിശീലന പരിപാടികൾ സംഘടിപ്പിക്കുക എന്നിവയും സ്റ്റേറ്റ് റിസോഴ്സ് സെന്റർഫോർ വുമൺ വഴി ലക്ഷ്യമിടുന്നുണ്ട്.
അതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും നിയമസഹായം ഉൾപ്പെടെയുള്ള പിന്തുണ ലഭ്യമാക്കുന്നതിനായി ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ സ്നേഹിത-ജെൻഡർ ഹെൽപ് ഡെസ്കിന്റെയും സ്ത്രീകളുടെ കഴിവു വർധിപ്പിച്ച് സമൂഹത്തിൽ തന്റേതായ ഇടം സൃഷ്ടിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ബ്ലോക്ക്തലത്തിൽ നടപ്പാക്കി വരുന്ന മാതൃകാ ജെൻഡർ റിസോഴ്സ് സെന്ററുകളുടെയും പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനും വിലയിരുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും പ്രധാന പങ്കു വഹിക്കുന്നത് സ്റ്റേറ്റ് റിസോഴ്സ് സെന്ററായിരിക്കും. ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന സ്നേഹിത ജെൻഡർ ഹെൽപ് ഡെസ്ക് ഇനി മുതൽ സ്റ്റേറ്റ് റിസോഴ്സ് സെന്ററിന്റെ ജില്ലാ കേന്ദ്രങ്ങളായും പ്രവർത്തിക്കും. ഇതോടൊപ്പം കുടുംബശ്രീ മുഖേന ഇതര സംസ്ഥാനങ്ങളിൽ നടപ്പാക്കുന്ന സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾ ഊർജിതമാക്കുന്നതിനാവശ്യമായ പിന്തുണയും സെന്റർ വഴി നൽകും. സെന്ററിന്റെ സുഗമമായ നടത്തിപ്പിന് വിവിധ വകുപ്പുകളുമായുള്ള സംയോജനവും കുടുംബശ്രീ ഉറപ്പു വരുത്തിയിട്ടുണ്ട്.
സെന്ററിന്റെ ഉദ്ഘാടനം സെപ്റ്റംബർ 13ന് രാവിലെ 11ന് ആരോഗ്യ സാമൂഹ്യ നീതി വകുപ്പ് മന്ത്രി കെ.കെ.ശൈലജ ടീച്ചർ നിർവഹിക്കും. കെ.മുരളീധരൻ എം.എൽ.എ അധ്യക്ഷത വഹിക്കും. ചടങ്ങിൽ കുടുംബശ്രീ മുഖേന നടപ്പാക്കിയ വൾണറബിലിറ്റി മാപ്പിങ്ങ്-റിപ്പോർട്ടിന്റെ പ്രകാശനം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ഡോ.കെ.ടി.ജലീൽ നിർവഹിക്കും. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ടി.കെ. ജോസ് സാമൂഹ്യ നീതി വകുപ്പ് സെക്രട്ടറി മിനി ആന്റണി എന്നിവർ
മുഖ്യപ്രഭാഷണം നടത്തും.

എക്സിക്യൂട്ടീവ് ഡയറക്ടർ

കുടുംബശ്രീ